12
വെള്ളി
മെയ് 2023
1198 മേടം 28
പേജ് 14, വില ₹ 8.50

തിരുവനന്തപുരം
കോഴിക്കോട് | കൊച്ചി | കണ്ണൂർ | കോട്ടയം | തൃശൂർ
മലപ്പുറം | പാലക്കാട് | ആലപ്പുഴ | കൊല്ലം

# ദേശാഭിമാനി

ESTD. 1942

www.deshabhimani.com
facebook.com/deshabhimani
@DBIDaily
dbitvm@gmail.com


# ഗവർണർമാർക്ക് സുപ്രീംകോടതിയുടെ താക്കീത്

## മന്ത്രിസഭയെ അനുസരിക്കണം

- ക്രമസമാധാനം, പൊലീസ്, ഭൂമി ഒഴിച്ചുള്ള വിഷയങ്ങളിൽ അധികാരം ഡൽഹി സർക്കാരിന്
- ഉദ്യോഗസ്ഥരുടെ നിയമനത്തിലും സ്ഥലംമാറ്റത്തിലും അധികാരം ഡൽഹി സർക്കാരിന്

**സ്വന്തം ലേഖകൻ**

**ന്യൂഡൽഹി**

ഡൽഹിയിലെ ഭരണപരമായ അധികാരങ്ങൾ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട സർക്കാരിനാണെന്ന് സുപ്രീംകോടതി. ക്രമസമാധാനം, പൊലീസ്, ഭൂമി ഒഴിച്ചുള്ള മേഖലകളിൽ നിയമനിർമാണ, ഭരണനിർവഹണ അധികാരങ്ങൾ ഡൽഹി സർക്കാരിനാണെന്ന് ചീഫ്ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ഭരണഘടനാ ബെഞ്ച് ഉത്തരവിട്ടു. കേന്ദ്രസർക്കാരിന്റെ ആജ്ഞാനുവർത്തിയായി ഡൽഹിയിലെ ഭരണവിഷയങ്ങളിൽ ഇടങ്കോലിടുന്ന ലെഫ്റ്റനന്റ് ഗവർണറുടെ അധികാരങ്ങൾ പരിമിതപ്പെടുത്തുന്നതാണ് സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്.

ലെഫ്.ഗവർണർ മന്ത്രിസഭയുടെ ഉപദേശങ്ങൾക്ക് അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. അധികാരങ്ങൾ പ്രയോഗിക്കുമ്പോൾ ലെഫ്.ഗവർണർ ജാഗ്രത പുലർത്തണം. നിയമസഭയുടെ അധികാരപരിധിക്ക് പുറത്തുള്ള വിഷയങ്ങളിൽ മാത്രമേ ഇടപെടാൻ പാടുള്ളൂ. അതല്ലെങ്കിൽ, ഡൽഹിയിലെ ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാർ അപ്രസക്തമാകുമെന്ന് ഭരണഘടനാബെഞ്ച് നിരീക്ഷിച്ചു. ഐഎഎസ് ഉദ്യോഗസ്ഥരുടെ നിയന്ത്രണത്തിനും അധികാരം സർക്കാരിനാണ്. ഉദ്യോഗസ്ഥരുടെ നിയമനങ്ങൾ, സ്ഥലംമാറ്റം തുടങ്ങിയ വിഷയങ്ങളിൽ ഉൾപ്പെടെ ആർക്കാണ് അധികാരമെന്ന കാര്യത്തിൽ ഡൽഹി സർക്കാരും ലെഫ്.ഗവർണറും തമ്മിൽ വലിയ തർക്കം നിലനിന്നിരുന്നു. ഉദ്യോഗസ്ഥരെ നിയന്ത്രിക്കാനുള്ള അധികാരം സർക്കാരിന് നൽകിയില്ലെങ്കിൽ സർക്കാരിന് ജനങ്ങളോടുള്ള കടമകൾ നിറവേറ്റാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഉദ്യോഗസ്ഥർ മന്ത്രിമാരോട് മറുപടി പറയുന്ന രീതിയാണ് നല്ലതെന്നും ഭരണഘടനാബെഞ്ച് ഏകകണ്ഠമായി പുറപ്പെടുവിച്ച വിധിയിൽ പറഞ്ഞു.




**P07**
സംസ്ഥാന ഭരണം കേന്ദ്രം ഏറ്റെടുക്കുന്ന അവസ്ഥ ഉണ്ടാകരുത്: സുപ്രീംകോടതി

## രാഷ്ട്രീയക്കളി വേണ്ട

- ഗവർണർക്കും സ്പീക്കർക്കും തെറ്റുപറ്റി
- ഉദ്ധവ് താക്കറെയോട് വിശ്വാസവോട്ട് തേടാൻ നിർദേശിച്ചത് തെറ്റ്
- ഷിൻഡെ വിഭാഗക്കാരനെ ചീഫ്‌വിപ്പാക്കിയതും തെറ്റ്
- ഗവർണർ പ്രവർത്തിക്കേണ്ടത് മന്ത്രിസഭയുടെ ഉപദേശപ്രകാരം




**എം അഖിൽ**


**ന്യൂഡൽഹി**

മഹാരാഷ്ട്രയിൽ ഉദ്ധവ് താക്കറെയുടെ നേതൃത്വത്തിലുള്ള ശിവസേന സർക്കാരിന്റെ പതനത്തിന് ഇടയാക്കിയ ഗവർണറുടെയും സ്പീക്കറുടെയും നടപടി നിയമപരമായി തെറ്റാണെന്ന് സുപ്രീംകോടതി. ഉദ്ധവ് താക്കറെ സർക്കാരിനോട് വിശ്വാസവോട്ട് തേടാൻ മുൻ ഗവർണർ ഭഗത്സിങ് കോഷ്യാരി നിർദേശിച്ചതും ഏക്നാഥ് ഷിൻഡെ വിഭാഗക്കാരനായ ഭരത് ഗോഗാവാലയ്ക്ക് ചീഫ് വിപ്പ് പദവി സ്പീക്കർ നൽകിയതും തെറ്റാണെന്ന് ഭരണഘടനാബെഞ്ച് വിധിച്ചു. സ്പീക്കറുടെയോ ഗവർണറുടെയോ നിയമവിരുദ്ധ നീക്കം അംഗീകരിക്കാനാകില്ലെന്ന സന്ദേശമാണ് 141 പേജുള്ള വിധിയിൽ ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗബെഞ്ച് നൽകുന്നത്. ഉദ്ധവ് താക്കറെ, ഏക്നാഥ് ഷിൻഡെ പക്ഷങ്ങളുടെ ഹർജികളാണ് പരിഗണിച്ചത്.

കൂടുതൽ എംഎൽഎമാർ തങ്ങൾക്കൊപ്പമാണെന്ന് അവകാശപ്പെട്ടാണ് ഷിൻഡെ വിഭാഗം ഗോഗാവാലയെ ചീഫ് വിപ്പായും ഷിൻഡെയെ ശിവസേന നിയമസഭാ കക്ഷി നേതാവായും നിയോഗിച്ചത്. എന്നാൽ, രാഷ്ട്രീയ പാർടിക്കാണ് വിപ്പിനെയും കക്ഷി നേതാവിനെയും നിയോഗിക്കാൻ അധികാരമുള്ളത്. ലെജിസ്ലേച്ചർ പാർടിക്കല്ലെന്നും ചീഫ് ജസ്റ്റിസ് ചൂണ്ടിക്കാട്ടി. തിടുക്കത്തിൽ വിശ്വാസവോട്ട് തേടാൻ നിർദേശിച്ച നടപടിയിലൂടെ ഗവർണർ രാഷ്ട്രീയ ഇടപെടൽ നടത്തി. ഉദ്ധവ് താക്കറെ സർക്കാരിന് ഭൂരിപക്ഷമില്ലെന്ന് തെളിയിക്കുന്ന ഒരു രേഖയും ഗവർണറുടെ മുന്നിലുണ്ടായിരുന്നില്ല. അതൃപ്തിയുണ്ടെന്ന് ചില എംഎൽഎമാർ പറഞ്ഞാലുടൻ വിശ്വാസവോട്ടിന് ഗവർണർക്ക് നിർദേശിക്കാനാകില്ല. പാർടിക്കുള്ളിലെ തർക്കങ്ങളിലോ പുറത്തെ തർക്കങ്ങളിലോ ഗവർണർമാർ ഇടപെടേണ്ടതില്ല. മന്ത്രിസഭയുടെ ഉപദേശ, നിർദേശങ്ങൾക്ക് അനുസരിച്ചാണ് ഗവർണർ പ്രവർത്തിക്കേണ്ടത്. അസാധാരണ സാഹചര്യങ്ങളിൽ മാത്രമേ ഗവർണർമാർ സ്വന്തംനിലയ്ക്ക് പ്രവർത്തിക്കാറുള്ളൂ. അത്തരം ഇടപെടലുകൾ ജനാധിപത്യത്തിൽ വലിയ ചലനങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ടെന്ന കാര്യം വിസ്മരിക്കരുതെന്നും കോടതി ചൂണ്ടിക്കാട്ടി.

**P07**
ഉദ്ധവ് താക്കറെ സർക്കാരിനെ പുനഃസ്ഥാപിക്കാനാകില്ല

## ഇമ്രാനെ ഉടൻ മോചിപ്പിക്കണം



- കോടതി പരിസരത്ത് കടന്നുകയറി അറസ്റ്റ് ചെയ്തത് നിയമവിരുദ്ധം
- പാക് സർക്കാരിനും സൈന്യത്തിനും കനത്ത തിരിച്ചടി
- കേസ് ഇന്ന് ഹൈക്കോടതി പരിഗണിക്കും
- കസ്റ്റഡിയിൽ മർദനമേറ്റെന്ന് ഇമ്രാൻ

**ഇസ്ലാമാബാദ്**

സൈന്യം കോടതിപരിസരത്ത് കടന്നുകയറി അറസ്റ്റ് ചെയ്ത മുൻ പ്രധാനമന്ത്രിയും തെഹ്‌രീകെ ഇൻസാഫ് പാർടി (പിടിഐ) അധ്യക്ഷനുമായ ഇമ്രാൻഖാനെ(70) മോചിപ്പിക്കാൻ ഉത്തരവിട്ട് പാക് സുപ്രീംകോടതി. ഇമ്രാനെ അറസ്റ്റ് ചെയ്തത് കോടതി 'നിയമവിരുദ്ധ'മായി പ്രഖ്യാപിച്ചു. സുപ്രീംകോടതി ചീഫ് ജസ്റ്റിസ് ഉമർ അതാ ബാൻഡിയൽ ഉൾപ്പെട്ട മൂന്നംഗ ബെഞ്ചിന്റെ ഇടപെടൽ പാക് സർക്കാരിനും സൈന്യത്തിനും കനത്ത തിരിച്ചടിയായി.

അഴിമതിവിരുദ്ധ ഏജൻസി (എൻഎബി) ഇമ്രാനെ അറസ്റ്റ് ചെയ്തതിനെതിരായ പിടിഐയുടെ ഹർജിയാണ് പരിഗണിച്ചത്. മുൻ പ്രധാനമന്ത്രിയെ അറസ്റ്റ് ചെയ്ത രീതിയിൽ രോഷം പ്രകടിപ്പിച്ച ചീഫ് ജസ്റ്റിസ്, ഇമ്രാനെ ഉടൻ ഹാജരാക്കാൻ അഴിമതിവിരുദ്ധ ഏജൻസിയോട് (എൻഎബി) നിർദേശിച്ചു. മണിക്കൂറുകൾക്കകം കനത്ത സുരക്ഷയിൽ ഇമ്രാനെ കോടതിയിൽ ഹാജരാക്കി. ഇസ്ലാമാബാദ് ഹൈക്കോടതി വെള്ളിയാഴ്ച കേസ് പരിഗണിക്കണമെന്നും ഹൈക്കോടതി എന്ത് തീരുമാനമെടുത്താലും ഇമ്രാൻ അംഗീകരിക്കണമെന്നും ചീഫ് ജസ്റ്റിസ് നിർദേശിച്ചു. കോടതിവളപ്പിൽ എത്തിയ ആളെ തൊണ്ണൂറോളം സൈനികർ പിടിച്ചുകൊണ്ടുപോയത് കോടതിയോടുള്ള അവഹേളനമാണെന്നും ബെഞ്ച് ചൂണ്ടിക്കാട്ടി. അറസ്റ്റിനെ തുടർന്ന് രാജ്യത്തുണ്ടായ സംഘർഷത്തെ ഇമ്രാൻ തള്ളിപ്പറയണമെന്നും കോടതി നിർദേശിച്ചു. അറസ്റ്റിനുശേഷം എന്തുസംഭവിച്ചെന്ന് അറിയില്ലെന്നും കസ്റ്റഡിയിൽ മർദനമേറ്റെന്നും ഇമ്രാൻ കോടതിയിൽ പറഞ്ഞു.

## എഐ കാമറ: പിഴ ജൂൺ 5 മുതൽ ഈടാക്കും

**തിരുവനന്തപുരം**

എഐ കാമറ പദ്ധതിയിൽ പിഴ ഈടാക്കൽ ജൂൺ അഞ്ചുമുതൽ ആരംഭിക്കാൻ ഗതാഗതമന്ത്രി ആന്റണി രാജു വിളിച്ച ഉന്നതതല യോഗത്തിൽ തീരുമാനിച്ചു. കെൽട്രോണുമായി അന്തിമകരാർ രൂപപ്പെടുത്തും. 20 മുതലാണ് പിഴ ചുമത്തേണ്ടിയിരുന്നത്. മെയ് അഞ്ചുമുതലാണ് ബോധവൽക്കരണ നോട്ടീസ് അയച്ചത്. ഇരുചക്രവാഹനങ്ങളിൽ കുട്ടികളെ കൊണ്ടുപോകുന്നതിന് നിയമത്തിൽ ഇളവുതേടി കേന്ദ്രത്തെ സമീപിക്കും.

## കേന്ദ്രത്തിന് തിരിച്ചടി

# വായ്പാസംഘങ്ങൾക്ക് ആദായനികുതിയില്ല

- അംഗങ്ങൾക്ക് വായ്പ കൊടുക്കുന്നതുകൊണ്ട് സംഘത്തെ ബാങ്കായി പരിഗണിച്ച് ബാങ്കിങ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെടുത്താനാകില്ല

**ജി രാജേഷ്കുമാർ**

**തിരുവനന്തപുരം**

സഹകരണ വായ്പാസംഘങ്ങളെ ആദായനികുതി പരിധിയിൽ നിന്ന് ഒഴിവാക്കണമെന്ന് സുപ്രീംകോടതി. അവയെ ബാങ്കുകളായി പരിഗണിക്കരുതെന്നും നിർദേശിച്ചു. സഹകരണ വായ്പാസംഘങ്ങൾക്ക് ആദായനികുതി ബാധകമാക്കണമെന്ന ആദായനികുതി വകുപ്പ് മുംബൈ പ്രിൻസിപ്പൽ കമീഷണറുടെ അപ്പീൽ സുപ്രീംകോടതി തള്ളി. സഹകരണ സംഘങ്ങളെ വരിഞ്ഞുമുറുക്കുന്ന കേന്ദ്രനിലപാടിന് വിധി കനത്ത തിരിച്ചടിയായി. വിധി കേരളത്തിലെ എംപ്ലോയീസ് സഹകരണ സംഘങ്ങൾക്കടക്കം എല്ലാ വായ്പാസംഘങ്ങൾക്കും ഗുണകരമാണ്. വായ്പാ പ്രവർത്തനം നടത്തുന്ന സഹകരണസംഘത്തെ ബാങ്കായി പരിഗണിക്കണമെന്നും ആദായനികുതി നിയമത്തിലെ 80 പി (4) വകുപ്പ് അനുസരിച്ചുള്ള നികുതിയിളവിന് ഇത്തരം സംഘങ്ങൾക്ക് അർഹതയില്ലെന്നുമായിരുന്നു വാദം. അംഗങ്ങൾക്ക് വായ്പ കൊടുക്കുന്നതുകൊണ്ടുമാത്രം സംഘത്തെ ബാങ്കായി പരിഗണിച്ച് ബാങ്കിങ് നിയന്ത്രണ നിയമത്തിന്റെ പരിധിയിൽപ്പെടുത്താനാകില്ലെന്ന് സുപ്രീംകോടതി പറഞ്ഞു.

നേരത്തേ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്ക് നികുതി ചുമത്തിയ ആദായനികുതിവകുപ്പ് തീരുമാനം സുപ്രീംകോടതി തിരുത്തിയിരുന്നു. കോഴിക്കോട് ആദായനികുതി കമീഷണറും മാവിലായി സർവീസ് സഹകരണ ബാങ്കും എതിർകക്ഷികളായ കേസിലായിരുന്നു അന്നത്തെ തീരുമാനം.

ആദായനികുതി 80(പി) വകുപ്പനുസരിച്ച് സഹകരണ സംഘങ്ങൾക്ക് നികുതി ഇളവിന് അർഹതയുണ്ട്. 80(പി)(4) എന്ന ഉപവകുപ്പ് അനുസരിച്ച് 80 (പി) വകുപ്പിലെ ഇളവുകൾ സഹകരണ ബാങ്കുകൾക്ക് അനുവദിക്കാനാകില്ലെന്നായി ആദായനികുതിവകുപ്പ്. ക്രെഡിറ്റ് സംഘങ്ങൾ നടത്തുന്നത് ബാങ്കിങ് ബിസിനസാണെന്നും അതിനാൽ ഇവ നികുതിയുടെ പരിധിയിലാകുമെന്നും വാദിച്ചു. എന്നാൽ ഇത് ശരിയല്ലെന്ന് സുപ്രീംകോടതി നിരീക്ഷിച്ചു.

റിസർവ് ബാങ്കിന്റെ ലൈസൻസോടെ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാണ് സഹകരണ ബാങ്കുകളെന്ന് ബി ആർ ആക്ടിലെ 22(1)(ബി) വകുപ്പിൽ വിശദമാക്കിയിട്ടുണ്ട്. കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ സർക്കുലറിലും നികുതി ബാധകമാകുന്നത് ആർബിഐ നിയന്ത്രണത്തിലുള്ള സഹകരണ ബാങ്കുകൾക്കാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സഹകരണ സംഘങ്ങളെ ഒഴിവാക്കിയിട്ടുമുണ്ട്.

**P05**
സൂപ്പറായി ഇന്റലിജൻസ്: ജിഎസ്ടി വെട്ടിപ്പിൽ തിരിച്ചുപിടിച്ചത് 523 കോടി
യുവധാര യൂത്ത് ലിറ്ററേച്ചർ ഫെസ്റ്റിവലിന് ഇന്ന് തുടക്കം





